**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3868** **17-03-2025 - ൽ മറുപടിയ്ക്ക്**

**ക്ലോസ്ഡ് എ.ആർ.-ലെ ഓഫീസർമാർക്ക് എച്ച്.ആർ.എ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പൊലീസ് വകുപ്പിൽ ഒരേ സ്റ്റാൻഡിങ് ഓർഡർ പ്രകാരം ഡ്യൂട്ടി ചെയ്യുന്ന ബറ്റാലിയനിലെയും ക്ലോസ്ഡ് എ.ആർ.-ലെയും എ.എസ്.ഐ. മുതൽ മുകളിലോട്ടുള്ള ഓഫീസർമാരിൽ ബറ്റാലിയനിലെ ഓഫീസർമാർക്ക് എച്ച്.ആർ.എ. അനുവദിക്കുകയും ക്ലോസ്ഡ് എ.ആർ.-ലെ ഓഫീസർമാർക്ക് എച്ച്.ആർ.എ. അനുവദിക്കാതിരിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 10/02/2021-ലെ സ.ഉ.(പി)നം.27/2021/ധന പ്രകാരമുള്ള 11-ാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം, ആംഡ് പോലീസ് ബറ്റാലിയനിലെയും ആംഡ് റിസർവിലെയും പോലീസ് ഉദ്യോഗസ്ഥർക്ക് എച്ച്.ആർ. എ- യ്ക്ക് പകരം ബാരക്ക് അലവൻസ് അനുവദിച്ചിരുന്നു. ബാരക്ക് അലവൻസിന്റെ പരിധിയിൽ വരുന്നവർക്ക് എച്ച്.ആർ.എ-ക്ക് അർഹതയില്ല എന്ന് പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.<br><br>ശമ്പള പരിഷ്കരണ ഉത്തരവിലെ പ്രസ്തുത നിബന്ധന ഭേദഗതി ചെയ്ത്, ആംഡ് പോലീസ് ബറ്റാലിയനിലെ എ.എസ്.ഐ തസ്തിക മുതൽ മുകളിലേക്കുള്ള ഉദ്യോഗസ്ഥർക്ക് ബാരക്ക് അലവൻസിനു പകരം എച്ച്.ആർ.എ അനുവദിച്ചുകൊണ്ട് 27/06/2024- ലെ സ.ഉ(കൈ) നം.72/2024(57) ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിൽ ക്ലോസ്ഡ് എ.ആർ.(മുൻപത്തെ ആംഡ് റിസർവ് പോലീസ്) ലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ നിലവിൽ ഈ വിഭാഗത്തിന് കൂടി HRA അനുവദിക്കുന്നതിനു കഴിയുകയില്ല. |
| (ബി) | ക്ലോസ്ഡ് എ.ആർ.-ലെ എ.എസ്.ഐ. മുതൽ മുകളിലോട്ടുള്ള ഓഫീസർമാർക്ക് എച്ച്.ആർ.എ. ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ